**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1587** **01-02-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം താലൂക്കിൽ പട്ടയനടപടികൾക്കായി ഒരു സ്പെഷ്യൽ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം താലൂക്കിൽ പട്ടയം അനുവദിക്കുന്നതു വേഗത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | കോതമംഗലം താലൂക്കിൽ വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്ത് സ്ഥിതി ചെയ്യുന്നതും, ബി.ടി.ആർ പ്രകാരം "തരിശ്", " സർക്കാർ " എന്നിവയിൽ ഉൾപ്പെടുന്നതും, "വനം" എന്ന് ബി.ടി.ആർ-ന്റെ റിമാർക്സിൽ രേഖപ്പെടുത്തിയിരുന്നതുമായ ഭൂമി കൈവശം വച്ചു വരുന്ന 4411 പേരുടെ അപേക്ഷയിന്മേൽ 04/11/2023-ലെ സ.ഉ(ആർ.റ്റി) 3966/2023/ ആർ.ഡി ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നതിലേയ്ക്ക് 15/11/2023-നു എറണാകുളം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേർന്ന് ടി വിഷയം വിശദമായി ചർച്ച ചെയ്തു.<br><br>ആയത് പ്രകാരം കോതമംഗലം താലൂക്കിലെ 6 വില്ലേജുകളിലായി (നേര്യമംഗലം, കുട്ടമ്പുഴ, കീരംപാറ, കടവൂർ, കോട്ടപ്പടി, കുട്ടമംഗലം) ഏകദേശം 1750 ഹെക്ടർ ഭൂമി ഉദ്ദേശം 4411 പേരുടെ കൈവശത്തിലുള്ളതായും, ഒരൊറ്റ സർവ്വെ നമ്പറിൽ കിടക്കുന്ന കൈവശഭൂമികളും, വനഭൂമിയും തമ്മിൽ വേർതിരിച്ച് സബ്ഡിവിഷൻ തയ്യാറാക്കി, ഓരോ കൈവശങ്ങളും പ്രത്യേകം സർവ്വെ ചെയ്യുന്നതോടു കൂടി 4411 എന്നത് കുറഞ്ഞത് 6000 കൈവശക്കാരെങ്കിലും ഉണ്ടാകുന്നതാണ്. ഇതിന്റെ പ്രാരംഭനടപടിയായ സബ്ഡിവിഷൻ തയ്യാറാക്കുന്ന നടപടികൾക്കായി അടിയന്തിരമായി 2 സർവ്വെയർമാരെ സർവ്വെ ജോലികൾക്കായി ജില്ലാ കളക്ടർ വിട്ടു നൽകിയിട്ടുണ്ട്.<br><br>ടി സർവ്വെയർമാർ കുട്ടമ്പുഴ വില്ലേജിൽ സർവ്വെ സബ്ഡിവിഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് വില്ലേജുകളിലും സർവ്വെ നടപടികൾ ചെയ്യുന്നതിനായി ജില്ലയിൽ ആവശ്യമായ സർവ്വെയർമാരില്ല എന്നതിനാൽ 8 സർവ്വെയർമാരെയും 10 ടോട്ടൽ സ്റ്റേഷൻ ഉപകരണങ്ങളും കൂടി ഡിജിറ്റൽ സർവ്വെ ടീമിൽ നിന്നും വിട്ടു തരുന്നതിനായി സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടർക്ക് ജില്ലാ കളക്ടറേറ്റിൽ |

| | | | |
|---|---|---|---|
| | | | നിന്നും 25/12/2023-ന്നു കത്ത് നൽകി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പട്ടയനടപടികൾ വേഗത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് കോതമംഗലം താലൂക്കിൽ ഒരു സ്പെഷ്യൽ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഈ വിഷയം എ3/228/2023/റവ നമ്പർ ഫയലിൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ